**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **08-10-2021 - ൽ മറുപടിയ്ക്ക്**

**വള ലഭ്യത കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊട്ടാഷ്, യൂറിയ, ഫോസ്ഫേറ്റ്, മറ്റു മിശ്രിത വളങ്ങൾ തുടങ്ങിയവയ്ക്ക് ഏതാനും ആഴ്ചകളായി ലഭ്യത കുറവുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മൺസൂണിന് ശേഷം വളം പ്രയോഗിക്കേണ്ട സമയത്ത് വളങ്ങളുടെ ലഭ്യത കുറവ് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുകയുണ്ടായോ; | (ബി) | എല്ലാ ആഴ്ചയും കൃഷി വകുപ്പ് വളത്തിന്റെ കണക്ക് എടുക്കുന്നുണ്ട്. ലഭ്യതക്കുറവ് ഉള്ള വളങ്ങൾ കൂടുതൽ എത്തിക്കുവാനായി വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകുകയും പരമാവധി ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഓരോ വളത്തിന്റെയും ഈ വർഷത്തെ കേന്ദ്ര വളം അലോട്ട്മെന്റിന്റെ ഇരുപതും മുപ്പതും ശതമാനം വരെ മാത്രമാണോ സംസ്ഥാനം ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ഓരോ മാസവും കേന്ദ്രം അലോട്ട് ചെയ്ത വളവും ഇവിടെ ലഭിച്ച വളത്തിന്റെയും കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഡീലർമാർ പി.ഒ.എസ്. മെഷീനുകൾ ഉപയോഗിച്ച് തീരുന്ന വളത്തിന്റെ സ്റ്റോക്ക് വിവരങ്ങൾ യഥാസമയം റെക്കോർഡ് ചെയ്യാത്തതു മനസ്സിലാക്കാതെ വളം ഇറക്കുമതി ചെയ്യാതിരുന്നതാണോ വളം ക്ഷാമത്തിന് കാരണമായത്; വിശദമാക്കുമോ; | (ഡി) | വിവിധ ആഗോള ഘടകങ്ങൾ രാസവള വിതരണത്തെ പ്രത്യക്ഷമായി ബാധിച്ചിട്ടുണ്ട്. ഇത് രാസവളവിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പി.ഒ.എസ് മെഷീനിലുള്ള വളത്തിന്റെ ശേഖരം കൂടി കണക്കിലെടുത്തതിനുശേഷമാണ് കേന്ദ്ര സർക്കാർ നിലവിൽ വളം അനുവദിക്കുന്നത്. ഡീലർമാരോട് പി.ഒ.എസ് മെഷീനുകൾ മുഖേന മാത്രമേ വളം വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷെ പല ഡീലർമാരും പി.ഒ.എസ് മെഷീനുകൾ കൃത്യമായി ഉപയോഗിക്കാത്തതു മൂലമാണ് വളത്തിന്റെ ശേഖരം കൂടുതലായി കാണുന്നത്. |
| (ഇ) | വൻകിട വളം കമ്പനികൾ വിലകൂടിയ കോംപ്ലക്സ് വളങ്ങൾ വാങ്ങുന്നതിന് നിർബന്ധിക്കുന്നത് മൂലം വ്യാപാരികൾ യൂറിയ പോലുള്ള അവശ്യ വളങ്ങൾ കുറഞ്ഞ അളവിൽ വാങ്ങുന്നതാണോ ഈ ക്ഷാമത്തിന് കാരണമെന്ന് വ്യക്തമാക്കാമോ; | (ഇ) | അല്ല. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ ഈ വള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ വിശദമാക്കാമോ? | (എഫ്) | പി.ഒ.എസ് മെഷീനിലെ ശേഖരവും യഥാർത്ഥ ശേഖരവും ഒന്നാക്കുവാൻ വേണ്ടി എല്ലാ ഫെർട്ടിലൈസർ ഇൻസപെക്ടർമാരോടും ഈ മാസം 11, 12 തീയതികളിൽ എല്ലാ റീട്ടെയിൽ ഡിപ്പോകളിൽ പരിശോധന നടത്തുവാനും പി.ഒ.എസ് മെഷീനുകൾ യഥാസമയം ഉപയോഗിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ വളം ലഭ്യതക്കായി നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

Annexure

Quantity in MT

**Details of fertilizers supplied during April 2021,May 2021,June 2021 , July 2021,August 2021 and Sep 2021**

| Month | UREA | | | DAP | | | MOP | | | NPKS | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Requirement | Allocation | Receipts | Requirement | Allocation | Receipts | Requirement | Allocation | Receipts | Requirement | Allocation | Receipts |
| Apr-21 | 6000 | 7300 | 7105.235 | 1000 | 2700 | 734.2 | 4900 | 6350 | 3351.4 | 6500 | 11050 | 7516.25 |
| May-21 | 12000 | 12600 | 6769.94 | 3400 | 3400 | 1491.2 | 9700 | 9700 | 7328.5 | 15500 | 15700 | 5122 |
| Jun-21 | 15000 | 15600 | 11781.32 | 2560 | 2600 | 1926 | 12700 | 12750 | 10170 | 17500 | 17800 | 11794.85 |
| Jul-21 | 11000 | 11100 | 8918.82 | 840 | 1000 | 1995.5 | 11900 | 11900 | 9905.4 | 15300 | 17450 | 23045.5 |
| Aug-21 | 8000 | 11200 | 9921.42 | 1600 | 2000 | 1687 | 8300 | 8300 | 2356 | 9000 | 9800 | 6362.77 |
| Sep-21 | 12000 | 13400 | 10082.57 | 2600 | 2600 | 982 | 12500 | 12500 | 8127.35 | 14000 | 14200 | 11739.54 |

സെക്ഷൻ ഓഫീസർ

Scanned with CamScanner